ഉത്തരം

(എ) ഉണ്ട്. തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിനും അവയുടെ പ്രജനനം തടയുന്നതിനുമായി കേന്ദ്ര സർക്കാരിന്റെ 2001-ലെ Animal Birth Control (Dogs) Rules പ്രകാരം അനിമൽ വെൽഫെയർ ബോർഡ് നടപ്പാക്കുന്ന അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം/ആന്റി റാബീസ് പ്രോഗ്രാം എന്നിവ ഫലപ്രദമായി നടപ്പിൽവരുത്തുവാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. 50% ചെലവ് അനിമൽ വെൽഫെയർ ബോർഡ് വഹിക്കുന്ന പ്രസ്തുത പ്രോഗ്രാമിന് ബോർഡുമായി വേണ്ട കരാറിലേർപ്പെട്ട് ധനസഹായം നേടി പ്രോഗ്രാം നടപ്പാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന് ആവശ്യമായ പ്രചാരണം സർക്കാർ മാധ്യമങ്ങൾ മുഖേനയും നടത്തിയിട്ടുണ്ട്. ഇക്കാര്യം സമയബന്ധിതമായി നടപ്പിൽവരുത്തുവാൻ പഞ്ചായത്ത് ഡയറക്ടർക്കും നഗരകാര്യ ഡയക്ടർക്കും നിർദ്ദേശം നൽകിയിട്ടുമുണ്ട്. കൂടാതെ പേവിഷബാധ നിയന്ത്രണം സംബന്ധിച്ച് സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഒരു പൈലറ്റ് പ്രോജക്ട് നടപ്പിലാക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു സംസ്ഥാനതല കമ്മിറ്റി രൂപകരിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ഇല്ല. അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യ ശിപാർശ ചെയ്തിട്ടുള്ളതും അന്താരാഷ്ട്ര തലത്തിൽ സ്വീകരിച്ചുവരുന്നതും ഈ മാർഗ്ഗമാണ്. ബദൽ സംവിധാനം പരിഗണനയിലില്ല.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

ബി.എസ്.യു.പി. പദ്ധതിയുടെ പുരോഗതി

173 (465) ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ നഗരങ്ങളിലെ ചേരി പരിഷ്ക്കരണത്തിനായി കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന ബി.എസ്.യു.പി. (Basic service to Urban Poor People) പദ്ധതിയുടെ പുരോഗതി നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും പുതിയ അവലോകന സമിതി രൂപീകരിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) ഇപ്പോൾ ഈ പദ്ധതിയുടെ നടത്തിപ്പിലെ പുരോഗതി വിലയിരുത്തുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) തലസ്ഥാന നഗരിയിലെ കരിമഠം കോളനിയിൽ ഈ പദ്ധതിയിൻ കീഴിൽ എത്ര കോടി രൂപയുടെ പണിയാണ് നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരുന്നത്; ഇവിടെ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇവിടെ ഇതുവരെ ഏതൊക്കെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനായി എന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇതുവരെ ഈ പദ്ധതിയിൻ കീഴിൽ എന്ത് തുകയാണ് ചെലവിട്ട തെന്ന് വ്യക്തമാക്കുമോ;

(എഫ്) ഇവിടത്തെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്; ഇവ എന്ന് പൂർത്തിയാക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ചെയർമാനായിട്ടുള്ള സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി (എസ്.എൽ.ഇ.സി.) ബി.എസ്.യു.പി. പദ്ധതിയുടെ നടത്തിപ്പിലെ പുരോഗതി വിലയിരുത്തുന്നു. പുതിയ അവലോകന സമിതി രൂപീകരിക്കണമെന്ന നിർദ്ദേശം പരിഗണനയിലില്ല.

(ബി) എസ്.എൽ.ഇ.സി. കമ്മിറ്റിക്ക് പുറമെ ബി.എസ്.യു.പി. പദ്ധതിയുടെ തിരുവനന്തപുരം, കൊച്ചി നഗരസഭകളിലെ നടത്തിപ്പിലെ പുരോഗതി വിലയിരുത്തുന്നതിന് സംസ്ഥാന തലത്തിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (പി.എം.യു.) പ്രവർത്തിച്ചുവരുന്നു. കൂടാതെ നഗരസഭകളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഒരുദ്യോഗസ്ഥനെ ചുമതലക്കാരനായി നിയമിച്ചിട്ടുമുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ചെയർമാനായ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി (എസ്.എൽ.ഇ.സി.) ബി.എസ്.യു.പി. പദ്ധതിയുടെ നടത്തിപ്പിലെ പുരോഗതി വിലയിരുത്തുന്നു.

(സി) തലസ്ഥാന നഗരിയിലെ കരിമഠം കോളനിയിൽ ബി.എസ്.യു.പി. പദ്ധയിൻകീഴിൽ 16.35 കോടി രൂപയുടെ പ്രവൃത്തികൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളത്. താഴെപ്പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചുവരുന്നു.

1. വീടുകൾ - 560

2. കമ്മ്യൂണിറ്റി ഫെസിലിറ്റീസ് :

"	പഠനകേന്ദ്രം	- 2
"	അംഗൻവാടി	- 2
"	കമ്മ്യൂണിറ്റി സെന്റർ	- 2
"	കിയോസ്ക്	- 7
"	റൂറൽ മാർക്കറ്റ്	- 1

LIBRARY ARCHIVES Kerala Legislative Assembly

3. അടിസ്ഥാന സൗകര്യവികസനം :

റോഡ്, സംരക്ഷണഭിത്തി നിർമ്മാണം, കുളം പുനരുദ്ധരിക്കൽ, കുടിവെള്ളം ലഭ്യമാക്കൽ, മഴവെള്ള സംഭരണി, മലിനജലനിർഗ്ഗമന സംവിധാനം, വൈദ്യുതി വിതരണം, ബയോഗ്യാസ് പ്ലാന്റ്, പുകയില്ലാത്ത അടുപ്പുകൾ, കളിസ്ഥലം മുതലായവ.

(ഡി) 80 വീടുകളും അതിനോടനുബന്ധിച്ച് റോഡ്, വാട്ടർ സപ്ലൈ, ഡ്രെയിനേജ് എന്നിവയും, ഒരു അംഗൻവാടി, ഒരു റൂറൽ മാർക്കറ്റ് മുതലായവയുടെയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്.

(ഇ) ഇതുവരെ 4.1382 കോടി രൂപ ചെലവാക്കിയിട്ടുണ്ട്.

(എഫ്) ജൂൺ മാസം 2009-ലാണ് പൂർത്തിയാക്കാൻ ഉദ്ദേശിച്ചിരുന്നത്. 2012 ജൂൺ മാസത്തോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിയ തനത് പദ്ധതികൾ

174(466) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്രാവിഷ്കൃത പദ്ധതികളെ കൂടാതെ സംസ്ഥാന സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിയ തനത് പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതികളിൽ ഏതെല്ലാം പദ്ധതികൾ നാളിതുവരെ പൂർത്തീകരിക്കുവാൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ;

(സി) ബാക്കിയുള്ളവ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതികളനുസരിച്ച് എന്ത് തുക നാളിതുവരെ ചെലവ് ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് ഇനി എന്തു തുക ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള സുസ്ഥിര നഗരവികസന പദ്ധതി, ഇ.എം.എസ്. സമ്പൂർണ്ണ ഭവനപദ്ധതി, മാലിന്യമുക്ത കേരളം പദ്ധതി തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. മറ്റ് വിശദവിവരങ്ങൾ രേഖപ്പെടുത്തിയ പട്ടിക ശേഖരിച്ച് നൽകുന്നതാണ്.

(ബി-ഇ) കേരള സുസ്ഥിര നഗരവികസന പദ്ധതി, ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി, മാലിന്യമുക്ത കേരളം പദ്ധതി എന്നിവ തുടർപരിപാടികളായി നടപ്പിലാക്കി വരികയാണ്. മറ്റ് പദ്ധതികൾ സംബന്ധിച്ചുള്ള വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly